കേരള സർക്കാർ

സംഗ്രഹം

**തദ്ദേശസ്വയംഭരണ വകുപ്പ്:- പട്ടികവർഗ്ഗ വിഭാഗക്കാരിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ മേറ്റായി പ്രവർത്തിക്കുന്നവർക്ക് യാത്രാ ചെലവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

തദ്ദേശസ്വയംഭരണ (ഡി.ഡി) വകുപ്പ്

**സ.ഉ.(ആർ.റ്റി.)നം.2707/2012/തസ്വഭവ** **തിരുവനന്തപുരം, തീയതി, 26/09/2012**

---

പരാമർശം:-1. 20/01/2012 ലെ സ.ഉ.(ആർ.റ്റി.)നം.231/2012/തസ്വഭവ.

2. എൻ.ആർ.ഇ.ജി.എസ്. മിഷൻ ഡയറക്ടറുടെ 23.08.2012 -ലെ 11044/EGS.2/12/CRD നമ്പർ കത്ത്.

<u>ഉത്തരവ്</u>

അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്ത് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയിൽ മേറ്റായി പ്രവർത്തിക്കുന്നവരിൽ ഊരുവികസന സമിതി അംഗങ്ങൾക്ക് വാസസ്ഥലത്തു നിന്നും 8 കി.മി.-ൽ കൂടുതൽ യാത്ര ചെയ്ത് ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ എത്തേണ്ടവർക്ക് യാത്രാ ചെലവിനായി ഉത്തരവ് പ്രാബല്യത്തിൽ വന്ന സമയത്തെ ഒരു ദിവസത്തെ അവിദഗ്ദ്ധ തൊഴിലാളികളുടെ വേതനമായ 150/- രൂപ, പരമാവധി ഒരു മാസത്തേയ്ക്ക് 500/- രൂപ എന്ന നിരക്കിൽ നൽകുന്നതിന് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. തൃശ്ശൂർ ജില്ലയിലെ ഒല്ലൂക്കര, കൊടകര, ചാലക്കുടി, പഴയന്നൂർ ബ്ലോക്കുകളിലെ ആദിവാസി കോളനികളിൽ മേറ്റായി പ്രവർത്തിക്കുന്ന പട്ടികവർഗ്ഗ ഊരുകളിലെ തൊഴിലാളികൾക്ക് 8 കി.മി.-ൽ കൂടുതൽ യാത്ര ചെയ്ത് ഗ്രാമ/ബ്ലോക്ക് പഞ്ചായത്ത് ഓഫീസുകളിൽ എത്തേണ്ട സാഹചര്യമുണ്ടായാൽ യാത്രാ ചെലവിന് ഒരു അവിദഗ്ദ്ധ തൊഴിലാളിയുടെ ദിവസ വേതനമായ 164/- രൂപ, പരമാവധി ഒരു മാസം 500/- രൂപ നിരക്കിൽ അനുവദിച്ച് ഉത്തരവ് നൽകണമെന്ന് പരാമർശം (2) പ്രകാരം ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി മിഷൻ ഡയറക്ടർ അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സമാനമായ പ്രശ്നം മറ്റ് ആദിവാസി മേഖലകളിലും ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ സംസ്ഥാനത്തെ

എല്ലാ പട്ടികവർഗ്ഗവിഭാഗത്തിലും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി മേറ്റായി പ്രവർത്തിക്കുന്നവർക്ക് വാസസ്ഥലത്തു നിന്നും 8 കി.മി.-ൽ കൂടുതൽ യാത്ര ചെയ്ത് ഗ്രാമ/ബ്ളോക്ക് പഞ്ചായത്ത് ഓഫീസിൽ എത്തുന്നതിന് യാത്രാ ചെലവിനായി ഒരു അവിദഗ്ദ്ധ തൊഴിലാളിയുടെ ദിവസ വേതനമായ 164/- രൂപ, പരമാവധി ഒരു മാസം 500/- രൂപ എന്ന നിരക്കിൽ നൽകുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

**വി.എസ്. സെന്തിൽ,**

പ്രിൻസിപ്പൽ സെക്രട്ടറി.

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
2. മിഷൻ ഡയറക്ടർ, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി, തിരുവനന്തപുരം.
3. ജില്ലാ പ്രോഗ്രാം കോ-ഓർഡിനേറ്റർ/ജില്ലാ കളക്ടർ, പാലക്കാട്.
4. പ്രസിഡണ്ട്/സെക്രട്ടറി, അട്ടപ്പാടി ബ്ളോക്ക് പഞ്ചായത്ത്.
5. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
6. കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം,*

*സെക്ഷൻ ഓഫീസർ.*